ഇതുവരെയുള്ള പ്രവർത്തനങ്ങൾ ക്രോഡീകരിച്ചാൽ- കർമ്മസമിതിയുടെ നേതൃത്വത്തിൽ മുഖ്യമന്ത്രിയുടെ സന്ദേശം രക്ഷിതാക്കളും അധ്യാപകരും മാനേജ്മെന്റും കുട്ടികളും തൽസമയം വീക്ഷിച്ചു. ഇതിന്റെ ഭാഗമായി സ്കൂൾ തല പരിപാടികളുടെ ഉദ്ഘാടനം സ്കൂൾ മാനേജർ കെ ടി ബാബു നിർവഹിച്ചു. ചടങ്ങിൽ സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി സെനിത് ടീച്ചർ എല്ലാവരെയുംസ്വാഗതം ചെയ്ത് സംസാരിച്ചു. രക്ഷിതാക്കൾക്കും കുട്ടികൾക്കും ഉള്ള ബോധവൽക്കരണ ക്ലാസിനു ആളൂർ എസ് ഐ ശ്രീ സുബിൻ, അഡീഷണൽ എസ്ഐ സുബീഷ് എന്നിവർ നേതൃത്വം നൽകി. ലഹരി വിരുദ്ധ പോസ്റ്റർ, പ്ലക്കാർഡ്,സ്കിറ്റ് മൂകാഭിനയം, ലഹരിവിരുദ്ധ ഗാനം തുടങ്ങിയവ കുട്ടികൾ അവതരിപ്പിച്ചു. നവംബർ ഒന്നിന് ലഹരി വിരുദ്ധ റാലിയും,മനുഷ്യച്ചങ്ങലയും നടത്തി.എല്ലാറ്റിനും നേതൃത്വം നൽകിയത് ഹെഡ്മിസ്ട്രസ് ശ്രീമതി സെനിത് ടീച്ചറും അധ്യാപകരും പിടിഎ പ്രതിനിധികളും ജനപ്രതിനിധികളും ആണ്.